## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1913 | 16-06-2014 ന് മറുപടിയ്ക്ക്

### ആദിവാസികൾക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. ഡി . ദേവസ്സി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയുംവകുപ്പ മന്ത്രി) | |
| (എ) | അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം വാഴച്ചാൽ, പെരുമ്പാറ, മുക്കംപുഴ, ഷോളയാർ, ആനക്കയം, പിള്ളപ്പാറ, പുകയിലപ്പാറ തുടങ്ങിയ പട്ടിക വർഗ്ഗ കോളനി നിവാസികൾക്ക് വീടുവയ്ക്കുന്നതിനും, കൃഷിക്കും ആവശ്യമായ ഭൂമി വനം വകുപ്പ് നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വാഴച്ചാൽ ഡിവിഷൻ പരിധിയിൽ വരുന്ന വാച്ചുമരം, വാഴച്ചാൽ, പെരുമ്പാറ, മുക്കം പുഴ, ഷോളയാർ, ആനക്കയം, പുകയിലപ്പാറ, പെരിങ്ങൽക്കുത്ത്, തവളക്കുഴിപ്പാറ എന്നീ 9 പട്ടികവർഗ്ഗ കോളനികളിലെ മുഴുവൻ നിവാസികൾക്കും, വനാവകാശനിയമം 2006 പ്രകാരം കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്. |
| (ബി) | ഇവർക്ക് ഭൂമി നൽകുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (ബി) | വാച്ചുമരം, പിള്ളപ്പാറ എന്നീ കോളനി നിവാസികൾക്ക് കൂടുതലായി കൃഷിഭൂമി ആവശ്യമുണ്ടെന്ന് അപേക്ഷ ലഭിച്ചിട്ടുണ്ട്. വാച്ചുമരം കോളനിയിലെ ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് യൂസർ ഏജൻസിയായ പട്ടിക വർഗ്ഗ വികസന വകുപ്പ് 1980 ലെ കേന്ദ്ര വനസംരക്ഷണ നിയമപ്രകാരം അപേക്ഷ നൽകിയിട്ടുണ്ട്. ആയതിൽ വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നടപടി എടുത്തു വരുന്നു. പിള്ളപ്പാറ കോളനി |

നിവാസികൾ അധിക കൃഷി ഭൂമിക്ക് അപേക്ഷ നൽകിയിട്ടുള്ളത്, 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ യൂസർ ഏജൻസിയുടെ അപേക്ഷ ലഭിച്ചാൽ മാത്രമേ നടപടി എടുക്കുവാൻ സാധിക്കുകയുള്ളൂ.

Ajith

സെക്ഷൻ ഓഫീസർ